# പാപപാമ്പും കുതികാൽ മുടക്കിയും

ബഹുമാനപ്പെട്ട പോൾ റമ്പാച്ചൻ സങ്കേതഭവനത്തിൽ 04.05.2013 ൽ നടത്തിയ ധ്യാനപ്രസംഗത്തിന്റെ പൂർണ്ണരൂപം.

വേദവായനഭാഗം: വിശുദ്ധ യോഹന്നാൻ 14: 1-16

പുതുഞായറാഴ്ചയ്ക്കു ശേഷം നാലാം ഞായറാഴ്ച ഈ തിരുവചന പശ്ചാത്തലത്തിൽ, വരാൻ പോകുന്ന സ്വർഗ്ഗാരോഹണപെരുന്നാളും പെന്തിക്കൊസ്തിപെരുന്നാളും നമ്മുടേത് ആകുവാൻ വേണ്ടി, പെന്തിക്കൊസ്തിപെരുന്നാളിനു ശേഷം നമ്മൾ ചെയ്യേണ്ടതും, അതിന് മുമ്പും ചെയ്യേണ്ടതായ കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. ഈ വചനത്തിലൂടെ കർത്താവ് തന്റെ ശിഷ്യർക്ക് കൊടുത്ത ഒരു വലിയ വാഗ്ദത്തം, എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എല്ലാം ചെയ്യും, ഞാൻ എന്റെ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അവയിൽ വലിയവയും അവൻ ചെയ്യും. നമ്മൾ വിശ്വാസികൾ ആണെന്നു അഭിമാനം കൊള്ളുന്നു. പല തവണ വിശ്വാസപ്രമാണം ചൊല്ലുകയും ചെയ്യുന്നു. ഇത്രയും കാലം സഭയിൽ ജീവിച്ചിട്ട് വചനം കേൾക്കുകയും വചനം വിശ്വാസമായി പരിണമിച്ച് അങ്ങനെ കർത്താവിന്റെ ഉള്ളിൽ വസിച്ച് കർത്താവ് ജീവിച്ച് കർത്താവ് പ്രവർത്തിച്ച എല്ലാ കാര്യങ്ങളും നമ്മൾ പ്രവർത്തിച്ചു എന്നു പറയാൻ സാധിക്കുന്നുണ്ടോ?

നമ്മൾ വിശ്വാസികൾ ആണെങ്കിൽ, കർത്താവ് നമ്മളിൽ നിന്ന് പ്രതീക്ഷിക്കുന്നത്, യേശു ചെയ്ത എല്ലാ പ്രവൃത്തിയും ചെയ്യണമെന്നാണ്. യേശു ജനിച്ചതു മുതൽ സ്വർഗ്ഗരോഹണസമയം വരെ ചെയ്ത കാര്യങ്ങൾ വിശുദ്ധ വേദപുസ്തകത്തിൽ നാം വായിക്കുന്നു. നാം അതിൽ ഏതെങ്കിലും ഒരു കാര്യമെങ്കിലും ചെയ്തിട്ടുണ്ടോ? അത് കഴിഞ്ഞ്, ഞാൻ എന്റെ പിതാവിന്റെ അടുക്കലേക്ക് പോകുന്നതുകൊണ്ട് അവയിൽ വലിയവയും അവർ ചെയ്യും എന്നു പറയുന്നു. നമുക്ക് യേശു ചെയ്ത കാര്യങ്ങളിൽ വലിയത് ഏതെങ്കിലും കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? യേശു ചെയ്തതെല്ലാം ചെയ്യാൻ സാധിച്ചിട്ടുണ്ടോ? ഇത് രണ്ടും എങ്ങനെ സാധിക്കും? യേശു ചെയ്തതെല്ലാം നമ്മൾ ചെയ്യണമെങ്കിൽ, യേശു നൂറ് ശതമാനം നമ്മളിൽ ജീവിക്കേണം. വിശുദ്ധ മാമോദീസായിൽ ജനിച്ചുവളർന്ന യേശു പ്രായപൂർത്തിയായി, അങ്ങനെ കർത്താവ് പിശാചിനെ തോൽപ്പിച്ച്, പരസ്യശുശ്രൂഷ ആരംഭിച്ചതുപോലെ, നമ്മുടെ ഉള്ളിൽ ജനിച്ചു വളർന്ന പ്രായപൂർത്തിയായ യേശു, പിതാവിന്റെ നിയോഗപ്രകാരം പരസ്യശുശ്രൂഷ ചെയ്തതുപോലെ, നമ്മളിൽ യേശുവിന് ജീവിച്ച് പ്രവർത്തിക്കാൻ ആഗ്രഹമുണ്ട്. അതിനുവേണ്ടി നമ്മളെ വിട്ടുകൊടുത്തിട്ടുണ്ടോ?

വിശ്വാസത്തിന്റെ ഒന്നാം ഘട്ടം അതാണ്. യേശുവിന് ജീവിക്കുവാൻ നമ്മളെ വിട്ടു കൊടുക്കുക. യേശു നമ്മളിൽ ജീവിക്കുന്നത്, അകത്ത് ഇരുന്നു കാണാനും തിരിച്ചറിയാനും സാധിക്കും. അങ്ങനെ യേശു ചെയ്ത എല്ലാ പ്രവൃത്തികളും ചെയ്തതിനുശേഷം, യേശു ചെയ്യാത്തത് നമ്മളെകൊണ്ട് ചെയ്യിക്കാനായി മാററി ഇട്ടിരിക്കുന്ന പല വേലകൾ ഉള്ള കാര്യം ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. എഫെസ്യർ 2:10 ൽ നമ്മൾ ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടതിനുശേഷം ക്രിസ്തു നമ്മളിൽ ജീവിച്ച്, തലയാകുന്ന ക്രിസ്തുവിനോളം നാം വളരുമ്പോൾ, യേശുവിന്റെ ആത്മാവിനെ നമുക്ക് ലഭിച്ചുകഴിയുമ്പോൾ, യേശു ചെയ്തതും ചെയ്യാത്തതുമായ കാര്യങ്ങൾ ചെയ്യുവാൻ, മുന്നൊരുക്കപ്പെട്ടതായ ചില പദ്ധതികൾ ഉണ്ടെന്ന് ഓർമ്മിപ്പിക്കുന്നു.

സ്വർഗ്ഗത്തിലെ കമ്പ്യൂട്ടറിൽ നമ്മൾ ചെയ്യാനുള്ള ഒരു പ്രോഗ്രാം കിടക്കുന്നു. യേശു ചെയ്തതും യേശു ചെയ്യാത്തതും, നമ്മളെകൊണ്ട് ചെയ്യിപ്പിക്കാനുമായി മാററിയിട്ടിരിക്കുന്ന ഒരു പ്രോഗ്രാം ഉണ്ട്. അത് എങ്ങനെ നമുക്ക് ചെയ്യാൻ സാധിക്കും? യേശു നമ്മളിൽ ജീവിക്കുകയാണെങ്കിൽ, യേശു ചെയ്തതെല്ലാം നമുക്ക് ചെയ്യാൻ സാധിക്കും. നമ്മുടെ ഉള്ളിലെ യേശു സ്വർഗ്ഗാരോഹണം ചെയ്തു കഴിഞ്ഞ്, പെന്തിക്കൊസ്തി പെരുന്നാൾ നമ്മുടേത് ആകുമ്പോൾ, യേശു ചെയ്തതിന്റെ ബാക്കി പരിശുദ്ധാത്മാവാണ് ചെയ്യുന്നത്. പരിശുദ്ധാത്മാവിനാണ് ഈ അറിവുള്ളത്, യേശു എന്തു ചെയ്തതെന്നും ബാക്കി ഇനിയും എന്താണ് ചെയ്യാനുള്ളത്, അത് നമ്മളിലൂടെ പ്രവൃത്തിക്കാൻ, ആത്മാവിൽ നിറയാമെങ്കിൽ, യേശു ചെയ്തതെല്ലാം ചെയ്തതിനുശേഷം, യേശു ചെയ്യാത്തതും നമ്മളെകൊണ്ട് മാത്രം ചെയ്യിപ്പിക്കാൻ മാററിയിട്ടിരിക്കുന്നതുമായ വേലകൾ, നമുക്ക് ചെയ്തുകൊണ്ടിരിക്കാൻ സാധിക്കും. അങ്ങനെയാണ് നമുക്ക് വേല തികച്ച് നിവൃത്തിയായി എന്നു പറഞ്ഞ് പോകാൻ സാധിക്കുന്നത്. ഇത് എങ്ങനെ സാധിക്കും? 'ഞാൻ എന്റെ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അവയിൽ വലിയവയും അവർ ചെയ്യും.'

എന്താണ് കർത്താവ് ചെയ്തതും ചെയ്യാത്തതുമായ വേലകൾ, ഏദൻതോട്ടത്തിൽ കയറിയ പാമ്പിന്റെ തല ചതയ്ക്കുന്ന ഒരു പരിപാടി മാത്രമേ കർത്താവ് കാൽവറിയിൽ ചെയ്തിട്ടുള്ളു. അതിന് നാലായിരം കൊല്ലം എങ്കിലും കാത്തിരിക്കേണ്ടി വന്നു. ജനനത്തിനുശേഷം മുപ്പത്തിമൂന്നര കൊല്ലം കാത്തിരിക്കേണ്ടി വന്നു. എല്ലാ രാത്രിയിലും പ്രാർത്ഥിക്കേണ്ടിവന്നു. അങ്ങനെ പിതാവ് പറഞ്ഞതനുസരിച്ച് ആത്മനിയോഗപ്രകാരം മാത്രം പ്രവർത്തിച്ചതുകൊണ്ട്, കർത്താവിന് ഏദൻതോട്ടത്തിൽ കയറിയ പാപപാമ്പിന്റെ തല ചതയ്ക്കുമെന്ന കാര്യം, സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കുമെന്ന വചനം നിവൃത്തിയായി. പക്ഷേ അത് കഴിഞ്ഞതിനുശേഷം, ഈ ചതയ്ക്കപ്പെട്ടതായ പാപപാമ്പിന്റെ വായിലെ പല്ലുകൾ ഒന്നും ചതഞ്ഞില്ല. പല്ലുകൾ എല്ലാം ആണികൾ പോലെ കൂർത്തിരുന്നു. മാംസളമായ ഭാഗം ചതഞ്ഞെങ്കിലും, മാംസളമായ ഭാഗം ചതഞ്ഞു കഴിഞ്ഞപ്പോൾ, ആണിപോലെ മുകളിലേക്ക് കൂർത്തിരുന്നതായ, ആ പല്ലുകൾ കർത്താവിന്റെ കാലുകളിൽ കയറികൊണ്ടു. അങ്ങനെ കാൽ എല്ലാം മുറിഞ്ഞു. പല്ലുകൾ കൊണ്ട് കാൽ മുറിഞ്ഞു. ആ മുറിഞ്ഞ കാലുകൊണ്ട് മൂന്ന് ദിവസം കർത്താവിന് കല്ലറയിൽ കിടക്കേണ്ടി വന്നു.

മൂന്നാം ദിവസം ഉയിർത്തെഴുന്നേററ്, ആ മുറിവ് ഉണങ്ങാതെ തന്നെ, അതുകൊണ്ടുതന്നെ നടക്കേണ്ടിവന്നു. ഇപ്പോഴും യേശുവിന്റെ കൈകാലുകളിലെ മുറിവുകൾ തീർത്ത് ഉണങ്ങിയിട്ടില്ലായെന്നാണ് പറയുന്നത്. എന്താണ് കാരണം? ആ മുറിവുകൾ കൂടി നമ്മുടെ പ്രാണനെ കർത്താവിന് വലിച്ചെടുക്കാൻ ഉണ്ട്. ആ മുറിവ്, തന്റെ ഉള്ളിലേക്ക് വരണ്ടവർ വന്നതിനുശേഷമേ തുന്നികെട്ടുകയുള്ളു. അതുവരെ ആ മുറിവ് കൊണ്ടുനടക്കുകയാണ്. നമ്മുടെ പ്രാണൻ മുഴുവൻ യേശുവിന്റെ ഉള്ളിലാകണം. യേശുവിന്റെ കല്യാണത്തിന് പോകേണ്ടവർ മുഴുവൻ ഉള്ളിലായതിനുശേഷം, ആ ഉള്ളിൽ നിന്ന് എടുത്തിട്ടാണ് മണവാട്ടിയെ സൃഷ്ടിക്കുന്നത്. ഒന്നാമത്തെ ആദം ഉറങ്ങി കിടന്നപ്പോൾ, ആ ആദാമിന്റെ വാരിയെല്ല് എടുത്താണ് ഹവ്വായെ സൃഷ്ടിച്ചത്. ഇതുപോലെ, ഒടുക്കത്തെ ആദാമെന്നുപേരുള്ള യേശുവിന്റെ മാറിൽ എത്തിച്ചേരുന്ന പ്രാണക്കുട്ടികളെ എല്ലാം കൂടി എടുത്തിട്ടാണ് മണവാട്ടിയെ സൃഷ്ടിക്കപ്പെട്ട് കല്യാണമണ്ഡപത്തിൽ മണവാട്ടി പ്രത്യക്ഷപ്പെടുന്നത്. അപ്പോൾ കർത്താവിന്റെ മണവാട്ടിയായി തീരേണ്ടതായ നമ്മുടെ പ്രാണക്കുട്ടികൾ, പിശാചിന്റെ, ഭൂതത്തിന്റെ ഉള്ളിൽ ഉണ്ടെങ്കിൽ അവനെ ചവിട്ടി ചതച്ച്, അവന്റെ ഉള്ളിൽ നിന്ന് എടുത്ത് കർത്താവിന് കൊടുത്തങ്കിലേ, നമ്മൾ കർത്താവിന്റെ ഉള്ളിൽ ആകുകയുള്ളു.

അങ്ങനെ ഏദൻതോട്ടത്തിൽ കയറിയ പാമ്പ് അപഹരിച്ചതായ പ്രാണനെ മുഴുവൻ കർത്താവ്, തല ചതച്ചതിനുശേഷം പാതാളത്തിൽ പോയി കോരിയെടുത്ത്, തന്റെ ഉള്ളിലാക്കി, പിതാവിന് കൊണ്ടുകൊടുത്തു. അങ്ങനെ സഭയുടെ അടിസ്ഥാനപണി നടത്തി. സഭയുടെ ഇരുപത്തിയൊന്നാം നിലയാണ് ഇപ്പോൾ പണിതുകൊണ്ടിരിക്കുന്നത്. ഇരുപത് നൂററാണ്ടുകൊണ്ട് ഇരുപത് നിലകളുടെ പണി തീർന്നാൽ, ഇരുപത്തിയൊന്നാം നൂററാണ്ടിൽ സഭയാകുന്ന കെട്ടിടത്തിന്റെ ജീവനുള്ള കല്ലുകളായി നാം പണിയപ്പെടുവാൻ, അതിന്റെ മുകളിൽ വലിയ താഴിക കുടങ്ങൾ ഒക്കെവെച്ച് മുത്തുകൊണ്ടും പൊന്നുകൊണ്ടും നവരത്നങ്ങൾകൊണ്ടും പതിപ്പിച്ചിരിക്കുന്നതായ താഴിക കുടങ്ങളാണ് അതിന്റെ മുകളിൽ ഇനിയും വരാൻ പോകുന്നത്. നമുക്ക് അത് ആകുവാൻ ഉള്ള സാധ്യത ഉണ്ട്. വെളിപ്പാടു പുസ്തകത്തിൽ, സഭായാകുന്ന ആ വലിയ കെട്ടിടത്തിന്റെ മുകളിലെ, പന്ത്രണ്ട് ഗോപുരങ്ങളും അതിലെ മുത്തുകളും ഒക്കെ എങ്ങനെയാണ് ഇത്രയും മനോഹരമെന്ന് വിവരിക്കുന്നുണ്ട്. നമുക്ക് ആ മുത്ത് ആകാനുള്ള സാധ്യതയുണ്ട്. നമുക്ക് ആ വലിയ ഗോപുരത്തിലെ പൊന്നാകാൻ സാധ്യതയുണ്ട്. പല സാധ്യതകളും കിടപ്പുണ്ട്.

അങ്ങനെ നമുക്ക് സഭയാകുന്ന കെട്ടിടത്തിന്റെ മനോഹരമായ ഏതെങ്കിലും ഒരു താഴികകുടമായി മാറാൻ കഴിഞ്ഞാൽ, താജ്മഹലിന്റെ മുകളിലെ മനോഹരമായ ആ താഴികകുടങ്ങൾ ഇന്നും ലോകപ്രശസ്തമായി നിലനിൽക്കുന്നു. അതിനേക്കാൾ മനോഹരമായ താഴികകുടങ്ങളായി മാറേണ്ടവരാണ് നമ്മൾ. അതിന് പിശാചിന്റെ കൈയിൽ നിന്ന് നമ്മുടെ പ്രാണനെ വീണ്ടെടുക്കപ്പെട്ട്, അത് പിതാവിന്റെ കൈയിൽ കിട്ടി പുത്രന്റെ ഉള്ളിൽവെച്ച് പുത്രന്റെ ഉള്ളിൽ നിന്ന് രഹസ്യമായി രൂപം കൊണ്ടതാണ് മണവാട്ടിസഭ വെളിയിൽ വരേണ്ടത് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അതിന് മുമ്പ് നടക്കേണ്ടതായ കാര്യം പാപപാമ്പിന്റെ തല, ഏദൻതോട്ടത്തിൽ കയറിയ പാമ്പിനെ മാത്രമേ കർത്താവ് കൈകാര്യം ചെയ്തിട്ടുള്ളു.

അതിനേക്കാൾ വലിയ പാമ്പുകൾ ഉണ്ട്. ആയിരകണക്കിന് കൊല്ലം പഴക്കമുള്ളതും അനേക തലകൾ ഉള്ളതും അനേകവാലുകൾ ഉള്ളതുമായ പലതരത്തിലുള്ള ഭൂതങ്ങൾ, ലോകാരംഭം മുതലുള്ള മനുഷ്യന്റെ വിലയേറിയ പ്രാണനെ അപഹരിച്ച് വളർന്നിട്ടുണ്ട്. അതിനെയും പിടിച്ച്, അതിന്റെ ഉള്ളിൽ നിന്ന് കൊള്ള പങ്കിട്ട് എടുക്കുന്നതുപോലെ, നഷ്ടപ്പെട്ട പ്രാണനെ തിരികെ എടുത്തിട്ടുവേണം പണി പൂർത്തികരിക്കാൻ. ഈ ഇരുപത്തിയൊന്നാം നൂററാണ്ടിൽ ധ്യാനമന്ദിരത്തിൽ കൂടി നടന്നുകൊണ്ടിരിക്കുന്ന പരിപാടി അതാണ്. യേശു ചെയ്ത ആ പാപപാമ്പിന്റെ തല ചതച്ചതിന്റെ ബാക്കി പണി ഇനിയും, കർത്താവിന്റെ കല്യാണത്തിനു ശേഷം പലതും ഇനിയും ചെയ്യാനുണ്ട്, അതിന് മുമ്പും ചെയ്യാനുണ്ട്. അതിനേക്കാൾ വലിയ പാമ്പിനെ പിടിക്കാനുണ്ട്, അതിന്റെ തല ചതയ്ക്കാനുണ്ട്. അതിന്റെ തലയും വാലും കൂടി കൂട്ടികെട്ടിയിടാൻ ഉണ്ട്. അതിനെ അഗാധത്തിൽ കെട്ടിയിടാനുള്ള സമയമുണ്ട്. ഇങ്ങനെ പല പല പണികൾ അവശേഷിച്ചിരിക്കുന്നു. അവ ഓരോന്നും ഓരോന്നായി നടന്നുകഴിയുമ്പോൾ, സംഭവിക്കുന്ന മറെറാരു കാര്യം, പിടിക്കപ്പെടുന്ന തിന്മയുടെ ശക്തി, അതിന്റെ ബാഹ്യമായ ശക്തി മാത്രമേ പിടിക്കപ്പെടുന്നുള്ളു.

ആന്തരികമായ അരൂപിയുടെ ശക്തി അവിടെ അവശേഷിക്കുന്നുണ്ട്. അതിന് നമ്മളെ തിരിച്ചടിക്കാനോ മടിപ്പിക്കാനോ നമ്മുടെ പ്രവർത്തനങ്ങളെ സ്തംഭിപ്പിക്കാനോ കഴിയും എന്നറിഞ്ഞിരിക്കണം. യേശു ആദ്യമായി, പാപപാമ്പിന്റെ തലചതച്ചതിനുശേഷം, തന്റെ കാൽ ഉയിർത്തെഴുന്നേററ് സ്വർഗ്ഗാരോഹണം ചെയ്യുന്ന ആ സമയം കഴിഞ്ഞപ്പോൾ, പാപപാമ്പിന്റെ തല ചതച്ചു എങ്കിലും, പാപപാമ്പിന്റെ തല ചതയ്ക്കപ്പെട്ടതായ ആ പിശാചിന്റെ കുതികാൽ മുടക്കിന്റെ പരിപാടി വളരെ ശക്തമായ രീതിയിൽ നടന്നതുകൊണ്ടാണ് അപ്പൊസ്തലന്മാർക്ക് പീഢനം ഏൽക്കേണ്ടി വന്നത്. അത് ഏഡി എഴുപത് വരെ തുടർന്നുകൊണ്ടിരുന്നതായി സഭാചരിത്രം പറയുന്നു. ഏഡി എഴുപത് വരെ കുരിശു ഫാക്ടറി വളരെ ശക്തിയായി പ്രവർത്തിച്ചിട്ട്, വിശ്വസിച്ചുകൊണ്ടിരുന്നവരെയെല്ലാം കുരിശുച്ചുകൊണ്ടിരുന്നു. അവരെയെല്ലാം പീഢിപ്പിച്ചുകൊണ്ടിരുന്നു. അവരെയെല്ലാം ദണ്ഡിപ്പിച്ചുകൊണ്ടിരുന്നു. അവർക്ക് ഒരു ഇഞ്ച് മുമ്പോട്ട് നീങ്ങാൻ സാധിക്കാത്തക്കവണ്ണം, അവരുടെ കുതിപ്പിനെ തടയുന്നതാണ് കുതികാൽ മുടക്കിയുടെ പരിപാടി.

കുതിപ്പ് എന്നു പറയുന്നത്, ആരോഗ്യമുള്ള ഒരു കാൽ ചെയ്യുന്ന പരിപാടിയാണ്. കുതിച്ചു ചാടി മുമ്പോട്ടു പോകാൻ സാധിക്കുന്ന അവസ്ഥ, അത് ആരോഗ്യമുള്ള കാലിനെകൊണ്ടു മാത്രമേ സാധിക്കുകയുള്ളു. ഇരിക്കുന്ന ഒരാൾ എഴുന്നേൽക്കുക, എഴുന്നേററതിനുശേഷം നടക്കുക, നടന്നതിനുശേഷം കുതിക്കുക, കുതിച്ചുകഴിഞ്ഞാൽ പിന്നെ ഓട്ടമാണ്. അങ്ങനെ കുതിച്ച് ഓടേണ്ടവരായ നമ്മൾ കുതികാൽ മുടക്കികൾ തടസ്സം വരുത്തി, നിർത്തികളയും, ഇരുത്തികളയും, കിടത്തികളയും, അനങ്ങാൻ സാധിക്കുകയില്ല. കർത്താവിന് മൂന്നു ദിവസത്തേക്ക് തന്റെ കാൽ അനക്കാൻ കഴിയാതെ, കല്ലറയിൽ കിടക്കേണ്ടിവന്നു, ഉയിർത്തെഴുന്നേററ കാല് കൊണ്ട്, തന്റെ വേലയെല്ലാം നടക്കാനും പറക്കാനും എല്ലാം സാധിച്ചു. കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തു പിതാവിന്റെ സന്നിധിയിൽ ഉണ്ട്.

എന്നാൽ, നമ്മൾ അതിനേക്കാൾ വലിയ പാമ്പിനെ ചവിട്ടിയാൽ, അതിന്റെ ഉള്ളിലെ പ്രാണനെ തിരികെ എടുത്ത് സഭാ പണി നടത്തിയാൽ, ആ പണി ചെയ്യുന്ന സ്ഥാപനങ്ങൾക്കും അവിടെ വരുന്നവർക്കും കുതികാൽമുടക്കിയുടെ ശല്യം വളരെയധികം ഉണ്ടാകും. തിന്മകളുടെ ശക്തിയെ പിടിച്ച്, അതിന്റെ ഉള്ളിലെ അപഹരിക്കപ്പെട്ട പ്രാണനെ തിരികെ എടുത്ത്, അതിനെ യേശുവിന്റെ രക്തം തളിച്ച് ശുദ്ധീകരിച്ച്, പിതാവിന് കൊടുത്ത് പിതാവ് അത് പുത്രനിൽ ഏൽപ്പിച്ച്, പുത്രന്റെ മാറിൽ ആക്കിയിട്ട്, കർത്താവിന്റെ മണവാട്ടി സഭയുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. കുതികാൽ മുടക്കി സഹിക്കാൻ ധൈര്യവും തന്റേടവും ഉള്ള കുറെപ്പേരെ കർത്താവിന് ആവശ്യമുണ്ട്. അത് ഏററവും വലിയ പണി. കർത്താവ് ഇങ്ങനെ പ്രാർത്ഥനയിൽ, പ്രവൃത്തിയിൽ, ധ്യാനത്തിലൂടെ മണവാട്ടി സഭയുടെ പണി പൂർത്തീകരിക്കാൻ, ഏതെല്ലാം ഭൂതങ്ങളുടെ ഉള്ളിൽ പ്രാണൻ കിടപ്പുണ്ടോ, അതിനെയെല്ലാം തിരികെ എടുക്കുന്ന വലിയ യുദ്ധം നടന്നുകൊണ്ടിരിക്കുന്നു. അങ്ങനെ സഭയുടെ പണി വളരെവേഗം നടന്നുകൊണ്ടിരിക്കുന്നു.

എന്നാൽ അതിനുശേഷം കുതികാൽ മുടക്കിയുടെ വേദന സഹിക്കാൻ, ധൈര്യമുള്ളവരും പ്രത്യാശയുള്ളവരും ഇല്ലെങ്കിൽ ഈ പണി പ്രയാസമായിവരും. ആദ്യത്തെ സഭയിലെ നാല്പതു വർഷക്കാലത്തെ ദണ്ഡനപീഢനങ്ങൾ സന്തോഷത്തോടെ സഹിച്ചതുകൊണ്ടാണ് സഭയുടെ അടിത്തറ ശരിക്കും പണിയാൻ സാധിച്ചത്. അതിനുശേഷം എല്ലാവരും ക്രിസ്ത്യാനികളായി കഴിഞ്ഞപ്പോൾ, പീഢനം ഇല്ലാതായി. അതുവരെ പീഢിപ്പിച്ചുകൊണ്ടിരുന്ന രാജാക്കന്മാരും ക്രിസ്ത്യാനിയായി കഴിഞ്ഞപ്പോൾ പീഢനം നിന്നു. എല്ലാവർക്കും ആനുകൂല്യം കിട്ടാൻ തുടങ്ങി. ക്രിസ്ത്യാനിയാകുന്നവർക്ക് എല്ലാം ആനുകൂല്യം, അവർക്ക് എല്ലാം വലിയ പദവികൾ, നല്ല ഉദ്യോഗങ്ങൾ കിട്ടാൻ തുടങ്ങിയപ്പോൾ, ക്രിസ്തീയസഭയുടെ പീഢനം നിന്നു പോയി. അപ്പോൾ ക്രിസ്തീയ സഭ ലൗകീകമായി അധഃപതിച്ചു, പ്രാകൃതമനുഷ്യനെ കൊണ്ട് നിറഞ്ഞു. ക്രിസ്ത്യാനിയുടെ എണ്ണം കൂടുന്നുണ്ട്, പക്ഷേ ദൈവത്തിന്റെ വചനപ്രകാരം ജീവിക്കുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരുന്നു.

അങ്ങനെ കുസ്തിന്തിനോസ് രാജാവിന്റെ കാലം കഴിഞ്ഞപ്പോൾ, സഭാ ലൗകീകമായി, ജഡികമായി, പ്രാകൃതമായി, അധഃപതിച്ചപ്പോൾ ആത്മീയത നഷ്ടപ്പെട്ടു. അപ്പോൾ നമുക്ക് എതിർപ്പുകൾ, കഷ്ടങ്ങൾ, നഷ്ടങ്ങൾ, ക്ലേശങ്ങൾ ഉള്ളപ്പോൾ മാത്രമാണ് വളരാൻ കഴിയുന്നത്. അപ്പോൾ മാത്രമേ ശുദ്ധീകരണം പ്രാപിക്കാൻ സാധിക്കുകയുള്ളു. എല്ലാ കാര്യവും സുഖമായി കഴിഞ്ഞാൽ പിന്നെ എല്ലാവർക്കും മന്ദതയും അസ്സ്ഥതയും അലസതയും ഉണ്ടാകും. കഷ്ടത സഹിഷ്ണതയേയും സഹിഷ്ണത സിദ്ധതയേയും സിദ്ധത പ്രത്യാശയേയും ഉളവാക്കി, പ്രത്യാശയുടെ ധൈര്യം നാം മുറുകെ പിടിച്ച്, ദൈവത്തിന്റെ ഭവനം ആകണമെങ്കിൽ കഷ്ടത പോകാൻ പാടില്ല. ചോദിച്ചു വാങ്ങിക്കേണം. എല്ലാം സുഖമായി നടക്കേണം എന്നു വിചാരിക്കാതെ, എല്ലാ കഷ്ടനഷ്ടങ്ങളുടെ മദ്ധ്യത്തിൽ നമ്മുടെ അകത്തെ വീട് പണി നടക്കണം. നമുക്ക് നമ്മുടെ ആത്മാവിൽ നിറയണം. ആത്മാവിൽ പ്രാർത്ഥിക്കേണം, യേശുവിനെപ്പോലെയാകണം, യേശു ചെയ്ത എല്ലാ പണിയും ചെയ്യേണം.

പിന്നീട്, ആത്മാവിൽ നിറഞ്ഞതിനുശേഷം യേശു ചെയ്തതിന്റെ ബാക്കി പണി കൂടി ചെയ്തിട്ട് നമുക്ക് കർത്താവിന്റെ അസ്ഥിയും മാംസവും ആകണം. നമ്മുടെ കർത്താവിന്റെ കല്യാണത്തിന്റെ അന്നുവരെ നമുക്ക് ഒരു സ്വസ്ഥതയും വേണ്ടാ, അതുവരെയുള്ളത് എല്ലാം പോകട്ടെ, പണി പൂർത്തികരിച്ച് കല്യാണം കഴിഞ്ഞാൽ പിന്നെ നല്ല സ്വസ്ഥതയാണ്. ആയിരം വർഷത്തെ മധുവിധു ആഘോഷമാണ്. നമ്മുടെ ദേഹി കന്യകയായിരിക്കുമ്പോൾ തന്നെ, വളർന്ന് പ്രവർത്തിച്ച്, പരിശുദ്ധാത്മാവിൽ നിറയാമെങ്കിൽ, കർത്താവുമായിട്ടുള്ള കല്യാണത്തിന് മുൻപ് ഒത്തിരി ഒത്തിരി പ്രാണക്കുട്ടികളെ പ്രസവിക്കേണ്ടിവരും, കന്യകയായിരിക്കുകയും ചെയ്യാം. കല്യാണത്തിന് മുൻപ് പ്രസവം മുഴുവനും തീരും. കുഞ്ഞുങ്ങൾ എല്ലാം കൂടി ഒന്നിച്ച് ഒരു ശരീരമായി തീരുന്നു.

അങ്ങനെ നിത്യതയിലെ നിത്യമായ ഒത്തിരി കാര്യങ്ങൾ ഉണ്ട്. യേശു ചെയ്തതും ചെയ്യാത്തതുമായ പ്രവൃത്തികൾ ചെയ്തുതീർക്കാൻ ഒത്തിരി കഷ്ടപ്പാടുകൾ സഹിക്കേണ്ടിവരും. ഒത്തിരി കഷ്ടപ്പെടേണ്ടിവരും, ഒത്തിരി ഉറക്കമിളക്കേണ്ടിവരും, ഒത്തിരി പ്രതിബന്ധങ്ങൾ സഹിക്കേണ്ടിവരും, അതിന്റെ ഗുണം എന്താണ് എന്ന് അറഞ്ഞാൽ മാത്രമേ, കഷ്ടത സഹിഷ്ണതയേയും, സഹിഷ്ണത സിദ്ധതയേയും സിദ്ധത പ്രത്യാശയേയും ഉളവാക്കി, പ്രത്യാശയുടെ ധൈര്യം മുറുകെ പിടിച്ച് ദൈവത്തിന്റെ ഭവനമാകാൻ സാധിക്കുകയുള്ളു. ദൈവത്തിന്റെ ഭവനം പണികഴിഞ്ഞാലേ, കല്യാണം കഴിഞ്ഞ് മധുവിധു ആഘോഷിക്കാൻ കഴിയുകയുള്ളു. എബ്രയാർ 4–ാം അദ്ധ്യായത്തിൽ, ദൈവം തമ്പുരാൻ 6 ദിവസം പണി ചെയ്തിട്ട് 7–ാം ദിവസം സ്വസ്ഥം ആയിരുന്നു. ദൈവം നമുക്ക് സ്വസ്ഥത തരാൻ ആഗ്രഹിക്കുന്നു. സ്വസ്ഥത വേണ്ടവർക്ക് സ്വസ്ഥതയ്ക്കുള്ള പണി ചെയ്യേണം. പണി ചെയ്തു കഴിഞ്ഞവർക്കേ സ്വസ്ഥത, സ്വസ്ഥതായി തോന്നുകയുള്ളു.

നമുക്ക് സ്വസ്ഥതയില്ലാത്തതിന്റെ കാരണം എന്താണ്? നമ്മൾ ഇതുവരെ പണി പൂർത്തികരിച്ചിട്ടില്ല. യേശു ചെയ്ത പണികൾ മുഴുവൻ ചെയ്യണം, ചെയ്യാത്ത പണികൾ കൂടി ചെയ്യണം. രാത്രിയും പകലും ചെയ്താൽ തീരാത്ത പണികൾ കിട്ടിക്കൊണ്ടിരിക്കും. അപ്പോൾ പാപം ചെയ്യാൻ സമയം കിട്ടത്തില്ല. ഇപ്പോൾ പാപം ചെയ്യുന്നത് എന്തുകൊണ്ടാണ്? കർത്താവിന്റെ പണി ചെയ്യുന്നില്ല. നമ്മുടെ ജീവിതത്തിൽ യേശുവിന്റെ വേല ചെയ്തിട്ട്, യേശു ചെയ്യാത്ത പണികൾ ചെയ്യാനുള്ള ബദ്ധപ്പാടിൽ ഊണും ഉറക്കവും വിശ്രമവും ഇല്ലാതെ പ്രവർത്തിച്ചു കഴിയുമ്പോൾ കർത്താവ് നമുക്ക് വിശ്രമം തരും. ഓരോ ദിവസം ചെയ്തു പോരേണ്ടതായ പണികൾ ചെയ്തു കഴിയുമ്പോൾ ഉറക്കം ആരുടെകൂടെയാണ്? ഇമ്മാനുവേൽ അച്ചായന്റെ കൂടെയാണ് ഉറക്കം. കൃത്യസമയത്ത് ഉണർത്തി, നമുക്ക് അടുത്തപണി ചെയ്യാമെന്നു പറയും. ഉണ്ണുന്നതും ഉറങ്ങുന്നതും എല്ലാം യേശുവിന്റെ കൂടെ ആകുമ്പോഴാണ്, അത് സ്വർഗ്ഗം എന്നു പറയുന്നത്; ഏത് കഷ്ടനഷ്ടങ്ങളുടെ മദ്ധ്യത്തിലും ആ ഇമ്മാനുവേലിനെ ജീവിതപങ്കാളിയായി ലഭിച്ച്, അവനൊടൊത്ത് പ്രവർത്തിക്കുക, അവൻ ചെയ്തതും ചെയ്യാത്തതും ചെയ്യുക; അതിനുശേഷം കർത്താവിനൊടൊത്ത് വിശ്രമിക്കുന്ന സ്വസ്ഥതയുടെ അനുഭവം. ആ സ്വസ്ഥതയുടെ അനുഭവം ഇതുവരെ കിട്ടാത്തത്, യേശു ചെയ്തതും ചെയ്യാത്തതുമായ പണികൾ ചെയ്യാനുള്ള ആഗ്രഹം ഇതുവരെ നമുക്ക് വന്നിട്ടില്ല.

അതിനുവേണ്ടി ആഗ്രഹിക്കാമെങ്കിൽ, അത് നമ്മളെ കാണിച്ചു തന്ന്, ദൈവാത്മാവ് എന്ന കാര്യസ്ഥൻ നമ്മളെ ചെയ്യിപ്പിച്ചുകൊണ്ടിരിക്കും. വിശ്രമവും ജീവിതവും സ്വസ്ഥതയും സന്തോഷവും സ്നേഹവും എല്ലാം കിട്ടികൊണ്ടിരിക്കും. എന്തുകൊണ്ടാണ് കുതികാൽ മുടക്കികൾ ഇങ്ങനെ വരുന്നത്? കുതികാൽ മുടക്കികൾ വരുന്ന വഴികൾ അറിഞ്ഞാൽ മാത്രമേ നമുക്ക് അതിനെ നേരിടാൻ സാധക്കുകയുള്ളു. പഴയനിയമത്തിൽ അതിന് ഒരു ദൃഷ്ടാന്തം ഉണ്ട്. മിസ്രമിലെ ദൈവമക്കൾ 430 കൊല്ലം അവിടെ അടിമപ്പണി ചെയ്തു, മന്ത്രവാദികളും ഈ രാജാക്കന്മാരും കൂടി അവരെ പിഴിഞ്ഞെടുത്തു. അവർക്ക് യാതൊരു ആനുകൂല്യവും കൊടുത്തില്ല. അവരെ നിലവിളിപ്പിച്ച്, അവരെ ശരിക്കും പണി എടുപ്പിച്ചുയെങ്കിലും കർത്താവ് അവരെ അത്ഭുതകരമായി വിടുവിപ്പാൻ, ഈ ഫറവോനെയും സൈന്യത്തെയും മിത്ഥ്യാബോധത്തിലാക്കി, കഠിനഹൃദയത്തോടെ ഇവരുടെ പുറകെ വന്നപ്പോൾ, വളരെ അത്ഭുതകരമായ രീതിയിൽ കർത്താവ് അവർക്കുവേണ്ടി ചെങ്കടലിൽ ഉണ്ടാക്കിയ വഴിയിൽ വെച്ച്, ആ ഫറവോനെയും സൈന്യത്തെയും മുക്കികൊന്നപ്പോൾ പ്രശ്നം തീർന്നുയെന്നാണ് മിര്യാമും മററും വിചാരിച്ചത്.

നമ്മുടെ പലരുടെയും വിചാരം ചിലർ ചത്തു കിട്ടിയാൽ സ്വസ്ഥതയാണെന്നാണ്. അമ്മാവിയമ്മ ചത്തുകിട്ടിയാൽ മരുമക്കൾക്ക് നല്ല സുഖമാണെന്നു വിചാരിക്കുന്നവർ ഉണ്ട്. മരുമകൾ ഒന്നു ചത്തുകിട്ടിയാൽ, ദീർഘായുസ്സോടെയിരുന്ന് മകളെ വിളിച്ച് ഒന്നിച്ച് താമസിക്കാം എന്നാണ് അവരുടെ വിചാരം. പക്ഷേ ചത്തുകഴിഞ്ഞാൽ ശല്യം കൂടും എന്നറിഞ്ഞിരിക്കേണം. ശരിക്കും മരിക്കാൻ കഴിയുന്നില്ലായെങ്കിൽ, ശരീരത്തെക്കാൾ ശല്യം ചെയ്യുന്നതാണ് അരൂപികൾ, ആത്മാക്കൾ. ആത്മാക്കളെ സ്വസ്ഥത ആക്കിയിട്ടെ വിടാവൂ. സ്വന്തക്കാർ, പ്രിയപ്പെട്ടവർ, ആര് രോഗികളായാലും ആര് എത്ര വലിയ ശത്രുക്കളാണെങ്കിലും അവരെ നല്ലതുപോലെ, സ്നേഹിച്ച് ശുശ്രൂഷിച്ച്, അവരെ ശരിക്കും സന്തുഷ്ടരായി വിട്ടില്ലായെങ്കിൽ ശരീരത്തിൽ ആയിരുന്നപ്പോൾ ചെയ്തതിലും വലിയ ശല്യമായിരിക്കും ആത്മാവിൽ. അതുകൊണ്ട് അവരെ ശരിക്കും അടക്കിയിട്ടേ വിടാവൂ. അങ്ങനെയുള്ളവരെ ശരിക്കും ശുശ്രൂഷിക്കാനാണ് ഈ രോഗം കൊടുക്കുന്നത്.

ആരെങ്കിലും രോഗിയായി തീർന്നാൽ, ശത്രുവാണെങ്കിലും ഓടിപ്പോയി, ശുശ്രൂഷ തുടങ്ങണം. അങ്ങനെ സ്നേഹിച്ചാണ് ശത്രുവിനെ തോൽപ്പിക്കേണ്ടത്. സ്നേഹം കൊണ്ടും ശുശ്രൂഷകൊണ്ടും മാത്രമേ ശത്രുവിനെ തോൽപ്പിക്കാൻ കഴിയൂ. അല്ലാതെ വൈരാഗ്യം കൊണ്ടോ കൊന്നതുകൊണ്ടോ പ്രശ്നങ്ങൾ തീരുന്നില്ലായെന്ന് ചരിത്രം സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് തൂക്കിക്കൊല്ലുന്ന ഒരു കൊലയാളിക്ക് പോലും, തൂക്കിലേററുന്ന ദിവസം സകല ആഗ്രഹങ്ങളും സാധിപ്പിച്ച്, അവനെ സ്വസ്ഥത ആക്കിയിട്ടേ കൊല്ലുകയുള്ളു. അതാണ് കൊലദിവസത്തിലെ പുളപ്പ് എന്നു പറയുന്നത്. കൊലദിവസത്തിൽ അവനെ ശരിക്കും പുളപ്പിച്ച്, അവന്റെ കൊതി തീർത്തിട്ട്, അവന്റെ കഴുത്തേൽ കയർ ഇടും, യാക്കോബ് 5:5; എവിടെയെങ്കിലും പോയി അടങ്ങി കിടക്കും. പിന്നെ ശല്യം ഉണ്ടാകില്ല. അല്ലെങ്കിൽ ചത്തുകഴിഞ്ഞാൽ അവന്റെ ആത്മാക്കൾ അനേകരെ പാപം ചെയ്യിപ്പിക്കാൻ / പ്രേരിപ്പിക്കാൻ ഓടി നടക്കും. അതു വരാതിരിക്കാൻ വേണ്ടി അവരെ അടക്കിയാണ് വിടുന്നത്.

പ്രായമായ രോഗികളായവരെ ശരിക്കും ശുശ്രൂഷിച്ച്, ശരിക്കും വെള്ളം കൊടുത്തേ വിടാവൂ. ശ്വാസം കിട്ടാതയോ വെള്ളം കിട്ടാതയോ പോയാൽ അവർ അസ്വസ്ഥതരായിട്ടാകും പോകുന്നത്. യാതൊരു സ്വസ്ഥതയും അവർക്ക് കിട്ടുകയില്ല. അതുകൊണ്ട് കഴിഞ്ഞ തലമുറയോടെ നാം കാണിക്കുന്ന ആ വലിയ ഉത്തരവാദിത്വം, മററുള്ളവരെ ശരിക്ക് നല്ല സന്തോഷത്തോടെ വിടാമെങ്കിൽ അവർ നമ്മുടെ കൂട്ടുകാരായി തീരും. അവർ നമ്മെ സഹായിക്കും. ശത്രുക്കളെ മിത്രങ്ങളാക്കാം. യിസ്രായേൽക്കാർ പീഡിപ്പിക്കപ്പെട്ടശേഷം, അവർ കനാൻദേശത്തേക്ക് പോയവഴിക്ക്, ഫറവോനെയും സൈന്യത്തെയും മുക്കിക്കൊല്ലാൻ തന്നെയാണ് ചെങ്കടലിൽ കൂടി വഴി ഉണ്ടാക്കിയത്. അത് അവർക്ക് വേണ്ടി മാത്രമുള്ള വഴിയായിരുന്നു. ആ വഴിയിൽ കൂടി പോയപ്പോൾ, ദൈവമക്കൾ അക്കരെ കടന്നു, പിന്നെയും വഴി അവിടെ അവശേഷിച്ചു, ഫറവോനും സൈന്യത്തിനും മിത്ഥ്യാബോധം വരുത്തി, അവർക്കും ഈ വഴിയിൽ കൂടി കടക്കാമെന്നു വിചാരിച്ചു. അങ്ങനെയാണ് അവരെ പിടിച്ചത്, മിത്ഥ്യാബോധങ്ങൾ, യുദ്ധതന്ത്രമായി ശത്രുവിനെ പിടിക്കാൻ വച്ചിരിക്കുന്നു.

ഫറവോനെയും സൈന്യത്തിനെയും അവരുടെ മിത്ഥ്യാബോധംകൊണ്ടും അഹങ്കാരംകൊണ്ടും പിടിച്ചു. ദൈവമക്കൾക്കുവേണ്ടി തുറന്ന വഴിയെപോയി, വഴി അടച്ചു, വെള്ളത്തിൽ എല്ലാവരും മുങ്ങിച്ചത്തു. മിര്യാം വിചാരിച്ചു പരിപാടി തീർന്നു, സ്വസ്ഥമായി, സുഖമായി, ഇപ്പോൾ പാലും തേനും ഒഴുകുന്ന ദേശത്തുപോകാമെന്നാണ് വിചാരിച്ചത്. തപ്പ് എടുത്ത് പാടുകയും ചെയ്തു. പിറേറദിവസം പാട്ട് നിന്നുപോയി, കാര്യം എന്താണ്? വരൾച്ച, ഭയങ്കര വരൾച്ച, അതിനുശേഷം കണ്ട വെള്ളം കൈപ്പുള്ളത്. ഇത് ഒരു പ്രതീകമാണ്. പിശാചിനെ തോൽപ്പിച്ചാൽ അവന്റെ ബാഹ്യമായ ശക്തി, ശരീരം എന്നിവ തകർന്നാലും, തകരാത്ത ഒരു അരൂപി അതിന്റെ പുറകിൽ ഉണ്ട്. അതിനെകൂടി സ്വസ്ഥത ആക്കിയാൽ മാത്രമേ നമുക്ക് സ്വസ്ഥത ആകാൻ കഴിയുന്നത് എന്നറിഞ്ഞിരിക്കേണം. ഇവരുടെമേൽ അവകാശം ഉണ്ടായിരുന്ന തിന്മയുടെ ശക്തികൾ, അവരുടെ ശരീരം വെള്ളം കുടിച്ച് ചത്ത്, ശവം പൊങ്ങി കിടന്നപ്പോൾ പ്രശ്നങ്ങൾ തീർന്നു എന്നു വിചാരിച്ചു. ചത്താൽ പ്രശ്നങ്ങൾ തീരുകയില്ല, പ്രശ്നങ്ങൾ തുടങ്ങുകയുള്ളു.

ആത്മഹത്യ ചെയ്താൽ പ്രശ്നങ്ങൾ തീരുമെന്നു വിചാരിച്ചാണ് അത് ചെയ്യുന്നത്, പക്ഷേ പ്രശ്നങ്ങൾ തുടങ്ങുന്നതേയുള്ളു. അതുകൊണ്ട് ഒരിക്കലും ഇല്ലാതാകാൻ പററാത്ത ഒരു വശം ഉണ്ട്, ആത്മാവ്. ആത്മാവിനെ ഇല്ലാതാക്കാൻ കഴിയത്തില്ല, സ്ഥലം മാറാൻ മാത്രമേ കഴിയുകയുള്ളു. അതുകൊണ്ട് ആത്മഹത്യ ചെയ്തതുകൊണ്ടോ ആരെയെങ്കിലും കൊന്നതുകൊണ്ടോ പ്രശ്നങ്ങൾ തീരുകയില്ല. പലരുടെയും മിത്ഥ്യാബോധം അതാണ്; കൊന്നു കിട്ടിയാൽ ശല്യം തീരും എന്ന്. ഇത് രണ്ടും പ്രശ്നം തുടങ്ങുകയുള്ളു. മററുള്ളവരെ കൊന്നാലും പ്രശ്നം; ആത്മഹത്യ ചെയ്തു ചത്താലും തന്നെ. കർത്താവ് നമ്മുടെ ജീവനെ എടുക്കണം. അതുവരെ എല്ലാവരെയും സൂക്ഷിക്കേണം, സംരക്ഷിക്കേണം. അവസാന നിമിഷംവരെ മററുള്ളവർക്ക് ജീവിക്കാൻ അവസരം കൊടുക്കേണം. അവർ ശരിക്കു ജീവിച്ചിട്ടുപോയാലെ, അടുത്ത ലോകത്തിൽ സ്വസ്ഥമായിരിക്കാൻ സാധിക്കൂ. ഏതായാലും മിര്യാമിന്റെ തെററുധാരണകൾ മാറി, മൂന്ന് ദിവസത്തേക്ക് ഭയങ്കര വരൾച്ച, പിന്നെ കിട്ടിയ വെള്ളം കൈപ്പ്.

അപ്പോൾ എല്ലാവരുടെയും പാട്ടുകൾ നിന്നു, എല്ലാവരും പിറുപിറുപ്പ് തുടങ്ങി, അപ്പോൾ അരൂപികളാണ് ഈ പ്രശ്നമുണ്ടാക്കിയത്. അവിടെ ഉണ്ടായിരുന്ന വെള്ളം എല്ലാം പററിച്ചുകളഞ്ഞു. ഭൂമി കത്തുന്നതിന് മുമ്പ് നമ്മുടെ പ്രാണൻ എവിടെ എത്തണം, കർത്താവിന്റെ ഉള്ളിൽ എത്തണം, ഈ ഭൂമി കത്തി തകരുന്നതിന് മുമ്പ്, എത്രയും വേഗം നമ്മുടെ പ്രാണൻ യേശുവിന്റെ ഉള്ളിൽ ആയാൽ, നമ്മുടെ കർത്താവിന്റെ കല്യാണത്തിന് നമുക്ക് പോകാമെന്ന പ്രത്യാശ നമുക്ക് ഉണ്ടാകട്ടെയെന്ന് ഓർമ്മിപ്പിക്കുന്നു. മൂന്നു ദിവസത്തെ വരൾച്ച വരുത്തിയത്, ഫറവോന്റെയും സൈന്യത്തിന്റെയും അരൂപികളാണ്. അരൂപികൾക്ക് വരൾച്ച വരുത്തുവാൻ കഴിവുണ്ട്. ആലോചനയിൽ വരൾച്ച വരുത്തുമ്പോൾ ഒന്നും മിണ്ടാനില്ലാതാകും. ആലോചനയാകുന്ന വെള്ളമാണ്, സംസാരിക്കാൻ നമുക്ക് പ്രചോദനം നൽകുന്നത്. ഹൃദയം കവിഞ്ഞ് ഒഴുകുമ്പോൾ വായ് സംസാരിക്കും. ഹൃദയത്തിൽ ഒന്നും ഇല്ലെങ്കിൽ ഒന്നും സംസാരിക്കാനില്ല. എപ്പോഴെങ്കിലും വെള്ളം കണ്ടാൽ അതിനെ കൈപ്പാക്കാനും അരൂപികൾക്ക് കഴിയും.

വരൾച്ചയുടെ അനുഭവത്തിൽ വെള്ളം ഇല്ലാത്തതിന്റെ പ്രശ്നം, വെള്ളം കിട്ടുമ്പോൾ കൈപ്പ് ആണെങ്കിൽ കുടിക്കാൻ തോന്നുമോ? കൈപ്പ് ഉള്ള അനുഭവം, ഈ കൈപ്പിന്റെയും വരൾച്ചയുടെയും അനുഭവം അരൂപികൾക്ക് വരുത്താൻ സാധിക്കും. അത് നാല്പത് കൊല്ലത്തേക്ക് ഉണ്ടായിരുന്നു. നാല്പത് കൊല്ലം കഴിഞ്ഞപ്പോൾ യോശുവായും ഹാലേബുമാണ്, ഈ കൈപ്പിനെയും വരൾച്ചയെയും ദാഹത്തെയും വിശപ്പിനെയും എല്ലാം അതിജീവിച്ച് വചനപ്രകാരം പാലും തേനും ഒഴുകുന്ന ദേശത്ത് എത്തിയത്. ബാക്കി എല്ലാവരും കുതികാൽ മുടക്കിയുടെ തൊഴികൊണ്ട്, താഴെ വീണു. കുതികാൽ മുടക്കി എല്ലാ വീട്ടിലും ഉണ്ട്. കർത്താവിന്റെ രണ്ടാമത്തെ വരവിന് മുമ്പ്, വലിയ തിന്മകളെ പിടിച്ചുകൊണ്ടിരിക്കുന്നു. വലിയ യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കർത്താവിന്റെ കല്യാണമണ്ഡപത്തിൽ നിന്ന് പിശാചിനെ അടിച്ചു ഓടിച്ചുകൊണ്ടിരിക്കുന്നു. ഭൂമിയിൽ ദൈവമക്കളുടെ പ്രാണനെ അപഹരിച്ച ഭൂതങ്ങളുടെ ഉള്ളിൽനിന്ന് അവയെ പിടിച്ചെടുത്ത്, വലിയ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ പിശാചിന്റെ എണ്ണം, അരൂപികളുടെ എണ്ണം കൂടികൊണ്ടിരിക്കുന്നതുകൊണ്ട് വരൾച്ചയും കയ്പും വർദ്ധിച്ചുകൊണ്ടിരിക്കും. അതിനിടയിൽ വചനമാകുന്ന ആ തേനിന്റെ മധുരംകൊണ്ടു മാത്രമേ പിടിച്ചു നിൽക്കാൻ കഴിയൂ. ഏത് കൈപ്പിന്റെ അനുഭവത്തിലും നിന്റെ വചനം എന്റെ അണ്ണാക്കിന് മധുരമാണ്, തേനിനേക്കാൾ നല്ലതു എന്നു പറഞ്ഞ സങ്കീർത്തനക്കാരന്റെ അനുഭവം കൊണ്ട് കയ്പിന്റെ അനുഭവത്തിൽ പിടിച്ചു നിൽക്കാൻ സാധിക്കുകയുള്ളു. ഏത് അനുഭവം വന്നാലും പരിശുദ്ധാത്മാവ് നമുക്ക് ഉണ്ടെങ്കിൽ വചനം ഓർമ്മിപ്പിച്ച് തരും. ഇത് ഇന്ന വചനത്തിന്റെ നിവൃത്തിയാണ്. ആ വചനം ധ്യാനിച്ച് പ്രാർത്ഥിക്കുക. അപ്പോൾ ഈ കയ്പിനെ മധുരമാക്കാം. ഈ വരൾച്ചയിൽ നീരുറവ നമുക്ക് കാണാൻ സാധിക്കുമെന്ന് പറഞ്ഞു നമുക്ക് പിടിച്ചു നിൽക്കാൻ കഴിയുന്നത്. കർത്താവ് പാപപാമ്പിന്റെ തല ചതച്ചു, മരിച്ചുയിർത്തെഴുന്നേററു, സ്വർഗ്ഗാരോഹണം ചെയ്തു, പക്ഷേ ശിഷ്യന്മാർക്ക് യാതൊരു സ്വസ്ഥതയുമില്ല.

അവർ അലഞ്ഞു ഓടി നടക്കുന്നു. സ്വസ്ഥതയില്ലാതെ അവസാനം വീട്ടിൽപോയി കിടന്നുറങ്ങി. എന്താണ് ചെയ്യേണ്ടത് എന്നറിയാൻ പാടില്ല. അവരുടെ കുതികാൽ മുടക്കിയുടെ ശല്യംകൊണ്ടാണ് ഇവരെല്ലാം വീട്ടിൽ പോയി കിടന്നുറങ്ങി. ആ സമയത്താണ് മഗ്ദലമറിയം, കല്ലറയ്ക്കൽ ഓടിവരുന്നത്, മഗ്ദലമറിയത്തിന് വചനത്തിന്റെ മാധുര്യം അറിയാം, ഇവൻ എനിക്ക് ജീവൻ തന്നവനാണ്, അവന്റെ പുറകെ തന്നെ ഞാൻ പോകും. ഭയമില്ലാതെ, വിശ്വാസത്തോടെ ആ കല്ലറയ്ക്കൽ ചെന്നപ്പോൾ അവൾക്ക് യേശുവിനെ കാണാൻ സാധിച്ചു. 'മറിയെ' എന്ന ഒററവിളിയിൽ തന്നെ അവളുടെ സങ്കടം മുഴുവനും തീർന്നു. കർത്താവ് എത്ര മനോഹരമായിട്ടാണ് വചനം അനുസരിക്കുന്നവരെ ആശ്വസിപ്പിക്കുന്നത്. നമ്മുടെ അനുദിനജീവിതത്തിൽ, ഈ കുതികാൽ മുടക്കികൾ, അരൂപികൾ ആരിലാണ് കയറുന്നത് എന്ന് അറിയണം.

അന്ത്യകാലത്ത് വലിയ യുദ്ധത്തിൽ വലിയ ഭൂതങ്ങൾ പിടിക്കപ്പെടും, ചവിട്ടപ്പെടും, എടുക്കപ്പെടും, കൊള്ളയടിക്കുന്ന പ്രാണനെ മുഴുവൻ തിരികെ എടുത്തു കഴിഞ്ഞാൽ, ഈ അരൂപികൾ കയറുന്നത് പ്രാകൃതമനുഷ്യനിലാണ്. ആയതിനാൽ പ്രാകൃതമനുഷ്യന്റെ സ്വഭാവം വേഗം മാററണം, അരൂപികൾ കയറിട്ട് മററുള്ളവർക്ക് കുരിശ് ഉണ്ടാക്കികൊണ്ടിരിക്കും. പ്രാകൃതമനുഷ്യന്റെ സ്വഭാവം ഭാര്യയുടെ മാററിയില്ലെങ്കിൽ, എവിടെയെങ്കിലും, ഏതെങ്കിലും ഭൂതത്തെ ചവിട്ടി, അരൂപികൾ ഉണ്ടായാൽ, ആ കുതികാൽ മുടക്കികൾ പ്രാകൃതമനുഷ്യന്റെ അകത്തേക്ക് കയറും. പ്രാകൃതമനുഷ്യൻ, മററുള്ളവർക്ക് കുരിശും വരൾച്ചയും കയ്പും ഉണ്ടാക്കി കൊടുക്കും. ഈ കാര്യം മനസ്സിലാക്കിയില്ലെങ്കിൽ, നമ്മളും പ്രാകൃതരായി താഴുകയും ചെയ്യും. വിശുദ്ധ യൂദാശ്ലീഹായുടെ ലേഖനത്തിൽ, അവസാനസമയത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഈ കുതികാൽ മുടക്കികൾ എന്തെല്ലാം തടസ്സങ്ങൾ ഉണ്ടാക്കുമെന്നാണ് പറയുന്നത്; 17–ാം വാക്യം മുതൽ, പ്രിയമുള്ളവരെ……………..അനേകരുടെ പരിഹാസം നാം കേൾക്കേണ്ടിവരും.

അപ്പോൾ നാം കർത്താവിന്റെ ഉള്ളിൽ മറഞ്ഞില്ലെങ്കിൽ, നാം പ്രതികരിച്ചുപോകും. അങ്ങനെചെയ്താൽ അകത്ത് ഇരിക്കുന്ന കർത്താവ് പുറത്തേക്ക് പോകും, പരിഹാസി അകത്ത് കയറും, നമുക്ക് പിന്നെ പരിഹാസം തന്നെയായിരിക്കും പരിപാടി. പരിഹാസിയുടെ ഇരിപ്പിടത്തിൽ ഇരിപ്പുണ്ട്, ബന്ധനത്തിന്റെ എണ്ണം കൂടികൊണ്ടിരിക്കും. പരിഹാസത്തിലൂടെ ബന്ധനം വരുമെന്ന് യെശയ്യാവ് 28:22 ൽ പറയുന്നുണ്ട്. അത് ഒന്നാം സങ്കീർത്തനത്തിലും ഉണ്ട്. പരിഹാസിയുടെ ഇരിപ്പിടത്തിൽ ഇരിക്കരുത് എന്നുണ്ട്. പരിഹാസം നമ്മുടെ ബന്ധനത്തിന്റെ എണ്ണം വർദ്ധിപ്പിക്കുന്നുണ്ട്. നമുക്ക് എത്ര ബന്ധനങ്ങൾ ഉണ്ടെന്നു അറിഞ്ഞിരിക്കണം. അതിന്റെ പുറകിൽ ആരെയെല്ലാം പരിഹസിച്ചു എന്ന സ്വയപരിശോധനയും കുമ്പസാരവും വേണം, അന്ത്യകാലത്ത് പരിഹാസികൾ ഉണ്ടാകും. പരിശുദ്ധാത്മാവ് ഇല്ലെങ്കിൽ, നാം പ്രാകൃതരായി തുടരുകയാണെങ്കിൽ, നമ്മൾ ഭിന്നത ഉണ്ടാക്കുന്ന കുരിശു ഫാക്ടറിയിലായിരിക്കും പണി. കുരിശു ഫാക്ടറിയിൽ ജോലി കിട്ടിയാൽ, ജോലിയുണ്ട് പക്ഷേ ശമ്പളം ഇല്ല, നാം പ്രാകൃതരായി തുടർന്നാൽ, നമുക്ക് ഈ ജോലിയെ കിട്ടുകയുള്ളു. അതുകൊണ്ട് ഭിന്നത ഉണ്ടാക്കുന്നവരും പ്രാകൃതരും ആത്മാവില്ലാത്തവരുമായ അവസ്ഥയിൽ നിന്ന് എത്രയും വേഗം ആത്മീയരായി തീരണം.

എത്രയും വേഗം ആത്മനിറവുള്ളവർ ആകണം. ആത്മാവിൽ പ്രാർത്ഥിക്കാൻ പഠിക്കുക, അപ്പോൾ നമുക്ക് കർത്താവിനോട് ചേർന്ന് വേല ചെയ്യുവാൻ സാധിക്കും. പ്രാകൃത സ്വഭാവത്തിന്റെ താങ്ങികൾ, ആത്മമുടക്കികൾ, പരിഹാസതാങ്ങികൾ ഇവർക്കെല്ലാം പകരം കൊടുത്ത് മാററിയിട്ട് നമ്മളെ വിശുദ്ധന്മാരുടെ കാത്തിരിപ്പിന്റെ അനുഭവത്തിലേക്ക് ഉയർത്തിയിട്ട് വരാൻ പോകുന്ന സ്വർഗ്ഗാരോഹണപെരുന്നാൾ, പെന്തിക്കൊസ്തിപെരുന്നാൾ നമ്മുടെ ആകുവാൻ സഹായിക്കട്ടെ. വചനശുശ്രൂഷകൾക്കിടയിൽ, വചനം മുറിക്കുന്നതനിടയിൽ, ഇന്ന് രോഗസൗഖ്യം ആവശ്യമുള്ളവർക്ക് ദൈവം രോഗസൗഖ്യം കൊടുക്കാൻ പോകുകയാണ്. കിട്ടുന്ന സൗഖ്യം കർത്താവിനെ അനുഗമിക്കാനും കാത്തിരിക്കാനും ആത്മാവിൽ നിറയാനും തിന്മയെ തള്ളാനും പിശാചിനെ തോൽപ്പിക്കാനും കർത്താവ് ചെയ്തതിന്റെ ബാക്കി ചെയ്യാനുമാണെന്ന് ഓർമ്മിപ്പിക്കുന്നു.

## പ്രാർത്ഥന :

ദൈവമേ ഞങ്ങൾക്ക് കിട്ടിയ ഉപകാരങ്ങൾക്ക് നന്ദി പറയുന്നു. വചനം മുറിച്ചപ്പോൾ, അപ്പം മുറിച്ചപ്പോൾ, അവ കർത്താവിന്റെ തിരുശരീരരക്തങ്ങളായി മാറിയപ്പോൾ, ഞങ്ങൾക്ക് കിട്ടിയതായ വചനത്തിൽ കുററബോധം വരുത്തിയിട്ടുണ്ട്. പാപത്തെകുറിച്ചും നീതിയെകുറിച്ചും ന്യായവിധിയെകുറിച്ചും ബോധം തന്നിരിക്കുന്ന ഈ സാഹചര്യത്തിൽ ഞങ്ങളുടെ കുറവുകൾ പരിഹരിച്ച്, ഞങ്ങളുടെ പഴയതുരുത്തി മാറി, പഴയ വീഞ്ഞ് കുടിക്കുന്ന സ്വഭാവം നിർത്തി, പുതിയ വീഞ്ഞിന്റെ പുതിയ ലഹരിയിൽ, പഴയ ലഹരിയെ അതിജീവിക്കുവാൻ, അങ്ങനെ ഞങ്ങൾ ജീവനുള്ളവരും നിത്യജീവനുള്ളവരായി തീരാൻ സഹായിക്കണമെ. നശിച്ചുപോകുന്നവർക്കുവേണ്ടി കൊടുക്കാൻ വെച്ചിരിക്കുന്ന സ്വർഗ്ഗക്കോടതിയുടെ മദ്യം, മയക്കുമരുന്ന് ഞങ്ങൾക്ക് വേണ്ടാ, അതിനുപകരം, നിത്യജീവനിലേക്ക് നിലനിൽക്കുന്ന സ്വർഗ്ഗത്തിലെ പരിശുദ്ധാത്മാവിന്റെ പുതിയ വീഞ്ഞ്, സംഭരിക്കുന്ന പുതിയ തുരത്തിയായും മാറാൻ ഞങ്ങളെ സഹായിക്കണമെന്ന് യേശുവിന്റെ നാമത്തിൽ യാചിക്കുന്നു, പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതികരേററുവാൻ തന്നെ, ആമേൻ.